**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4094** **20/03/2018 ൽ മറുപടിക്ക്**

**കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ.പി:** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) കൃഷി വകുപ്പിലെ അസിസ്റ്റന്റ് നിയമനത്തിനായുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്ന വ്യക്തമാക്കാമോ; | (എ) കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 446/2016) തസ്തികയുടെ പരീക്ഷ 09-08-2017-ന് നടന്നു. ഈ തസ്തികയുടെ യോഗ്യത സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്നുണ്ട്. ആയത് സംബന്ധിച്ച തുടർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കുന്നതാണ്. |
| (ബി) പി.എസ്.സി. നിയമനത്തിനായി അപേക്ഷ ക്ഷണിച്ചതിൽ കാണിച്ചിരിക്കുന്ന നിയമന യോഗ്യതയിൽ നിന്നും എന്തെങ്കിലും മാറ്റങ്ങൾ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നും എന്ത് കൊണ്ടാണെന്നും വിശദമായി വ്യക്തമാക്കാമോ? | (ബി) നിലവിൽ മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല. എന്നാൽ കൃഷി അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ആയത് ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ച് വരികയാണ്. സർക്കാർ ഇത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തീരുമാനം അറിയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**